**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1526** **30-08-2022 - ൽ മറുപടിയ്ക്ക്**

**സർവ്വെ സ്കെച്ച് ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഗവ. പോളിടെക്നിക് കോളേജിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച അപാകത പരിഹരിക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർ പ്രിന്റിലുള്ള സർവ്വെ സ്കെച്ച് തയ്യാറാക്കി നൽകുന്നതിനും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും വൈക്കം താലൂക്ക് സർവ്വെയർക്ക് 25.05.2021-ൽ കത്തും തുടർന്ന് 22.07.2021-ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടും നാളിതുവരെ പ്രസ്തുത രേഖകൾ നൽകാത്തിന്റെ കാരണം വ്യക്തമാക്കാമോ; ഇവ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് വേണ്ടി വിലയ്ക്ക് വാങ്ങിയ 6 ഏക്കർ 6.9025 സെന്റ് സ്ഥലവും പൊന്നും വിലയ്ക്ക് എടുത്ത 13 ഏക്കർ 32.244 സെന്റ് സ്ഥലവും ഉൾപ്പെടെ 19 ഏക്കർ 39.147 സെന്റ് ഭൂമിയാണ്. റീസർവ്വെയ്ക്ക് ശേഷം ബ്ലോക്ക് 29 ൽ റീസർവ്വെ 208/33 ൽ 14.79 ആർ, റീസർവ്വെ 193 ൽ 8.1719 ഹെക്ടർ ഉൾപ്പെടെ 8.3198 ഹെക്ടർ (20 ഏക്കർ 55 സെന്റ്) വിസ്തീർണ്ണം പുറമ്പോക്കിൽ ചേർത്ത് റിക്കാർഡിൽ നിലവിലുള്ളതാണ്. റീസർവ്വെയ്ക്ക് ശേഷം കൂടുതലായി വന്നിട്ടുള്ള 1 ഏക്കർ 16 സെന്റ് സ്ഥലം സബ് ഡിവിഷൻ ചെയ്ത് മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നും വിലയ്ക്ക് എടുത്തതുമായ ഭൂമിയുടെ സ്കെച്ച് ആവശ്യമാണ്. ടി ഭൂമിയിൽ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണവും പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണവും ചേർത്ത് 04.07.2022 ൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുള്ളതാണ്. കടുത്തുരുത്തി പോളിടെക്നിക്ക് കോളേജ് ചുറ്റുമതിൽ നിർമ്മിച്ചപ്പോൾ പൊന്നും വിലയക്കെടുക്കാത്ത തന്റെ ഭൂമി കൂടി ഉൾപ്പെടുത്തിയതായി അപ്പു.സി.എസ്, ചാലപ്പുറത്ത് മ്യാലിൽ എന്നയാൾ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. ഇക്കാരണത്താൽ പൊന്നുംവിലയ്ക്കെടുത്ത ഭൂമി കൃത്യമായി നിർണ്ണയിക്കുന്നതിന് അക്വിസിഷൻ സ്കെച്ച് ലഭ്യമാക്കുന്നതിന് എൽ.എ ജനറൽ, പാലാ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുള്ളതും ടി സ്കെച്ച് ലഭ്യമാക്കി പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതുമാണ്. |
| (ബി) | റീസർവ്വെ പ്രകാരമുള്ള സ്കെച്ചിന്റെ പകർപ്പിനായി നിശ്ചിത ഫീസ് അടച്ച് വിവരം വൈക്കം | (ബി) | റീസർവ്വെ പ്രകാരമുള്ള സ്കെച്ച് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |

| | | | |
|---|---|---|---|
| | തഹസീൽദാരെ അറിയിച്ചിട്ടും ഒരു തീരുമാനവും കൈക്കൊള്ളാത്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം സർവ്വെ സ്കെച്ച് നൽകുന്നതിന് അടിയന്തര തീരുമാനം ഉണ്ടാകുമോ എന്നറിയിക്കാമോ; | | അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർപ്രിന്റിലുള്ള സർവ്വെ സ്കെച്ച് വൈക്കം താലൂക്ക് സർവ്വെയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. കടുത്തുരുത്തി പോളിടെക്നിക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ മുൻ സർവ്വെ നമ്പർ പ്രകാരമുള്ള അക്വിസിഷൻ സ്കെച്ചുകൾ ലഭ്യമായാൽ സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് സർവ്വെ സ്കെച്ച് തയ്യാറാക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ